**കേരള സർക്കാർ**

**സംഗ്രഹം**

ഫിഷറീസ് - ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഹാച്ചറികളിൽ നിന്നും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി വരുന്ന അലങ്കാര മത്സ്യങ്ങളുടെ വില പുതുക്കി നിശ്ചയിച്ച് - ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.72/2019/മ.ഉ.വ** തീയതി,തിരുവനന്തപുരം, 30/01/2019

---

പരാമർശം:- 1) 23.03.2018-ലെ സ.ഉ(സാധാ)നം. 196/2018/മഉവ നമ്പർ ഉത്തരവ്

2) ഫിഷറീസ് ഡയറക്ടറുടെ 26.11.2018 തീയതിയിലെ സി2/21009/10 നമ്പർ കത്ത്.

**ഉത്തരവ്**

ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഹാച്ചറികളിൽ നിന്നും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി വരുന്ന അലങ്കാര മത്സ്യങ്ങളുടെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച് വകുപ്പുതല മത്സ്യവിത്ത് വില നിർണ്ണയ കമ്മിറ്റി വിശദമായി വിശകലനം നടത്തുകയും നിലവിലെ മാർക്കറ്റ് വിലയുമായി തട്ടിച്ചു നോക്കുകയും ചെയ്തശേഷം വിവിധ അലങ്കാര മത്സ്യങ്ങളുടെ വില നിശ്ചയിക്കുന്നതിനും, അയ്യായിരം എണ്ണത്തിനോ അതിന് മുകളിലോ അലങ്കാര മത്സ്യങ്ങൾ ഒരേ സമയം എടുക്കുന്നവർക്ക് (എല്ലാ ഇനങ്ങൾക്കും ബാധകം) നിശ്ചയിക്കപ്പെട്ട വിലയിൽ 20% ഇളവ് അനുവദിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. മത്സ്യവിത്ത് വില നിർണ്ണയ കമ്മിറ്റി നിർണ്ണയിച്ച അലങ്കാര മത്സ്യങ്ങളുടെ വില വിവര പട്ടിക ഫിഷറീസ് ഡയറക്ടർ സമർപ്പിക്കുകയും അപ്രകാരം വില നിശ്ചയിച്ച് ഉത്തരവുണ്ടാകണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പുതല മത്സ്യവിത്ത് വില നിർണ്ണയ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഹാച്ചറികളിൽ നിന്നും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി വരുന്ന അലങ്കാര മത്സ്യ/മത്സ്യകുഞ്ഞുങ്ങളുടെ വില അനുബന്ധത്തിൽ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ